**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3835** **11.11.2019 - ൽ മറുപടിയ്ക്ക്**

## വൃക്ക രോഗികളുടെ എണ്ണം

| | ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി : | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ എത്ര വൃക്ക രോഗികളുണ്ടെന്നാണ് സർക്കാർ കണക്കാക്കുന്നതെന്ന് അറിയിക്കുമോ; വർഷം തോറും വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നിലവിൽ 4069 വൃക്ക രോഗികൾ ഡയാലിസിസ് ചെയ്തു വരുന്നു. വർഷംതോറും വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | ഡയാലിസിസ് കേന്ദ്രങ്ങളിൽ ഡയാലിസിസ് ചെയ്യാൻ സഹായിക്കുന്ന ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക നിലവിൽ സംസ്ഥാനത്ത് എത്രയുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 3 ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തികകൾ നിലവിലുണ്ട്. ആരോഗ്യവകുപ്പിൽ ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (സി) | താലൂക്കാശുപത്രികളിൽ വരെ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചപ്പോൾ പ്രസ്തുത തസ്തിക സൃഷ്ടിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | | വിവിധ മെഡിക്കൽ കോളേജുകളിലേയ്ക്കായി 74 ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ആരോഗ്യവകുപ്പിൽ നിലവിൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകളാണ് സൃഷ്ടിക്കുന്നത്. ആർദ്രം മാനദണ്ഡത്തിൽ ലാബ് അസിസ്റ്റന്റ് ഡയാലിസിസ് തസ്തിക ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ടി തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |



സെക്ഷൻ ആഫീസർ